IJCRT.ORG ISSN : 2320-2882

INTERNATIONAL JOURNAL OF CREATIVE RESEARCH THOUGHTS (IJCRT)

An International Open Access, Peer-reviewed, Refereed Journal

# The Silent Hands Of The Paternal Clock: An Exploration Of The Female World Of O.V. Vijayan.

# പിതൃഘടികാരത്തിലെ നിശ്ശബ്ദസൂചികൾ- വിജയൻറെ സ്ത്രീലോകത്തെക്കുറിച്ച് ഒരന്വേഷണം

Dr.Gisha ElizabethVarghese,
Assistant Professor,
Department of Malayalam,
St.Mary's College, Thrisur,Kerala.

This paper, titled "The Silent Hands of the Paternal Clock," explores the depiction of female characters in O.V. Vijayan's works. The study argues that Vijayan, while a master of existential and philosophical themes, often reduces women to one-dimensional figures of male desire and sin. The analysis shows that his female characters, like those in ***Khasakkinte Itihasam***, are largely silent within a patriarchal framework, serving only to fulfill male-centric narratives. The paper concludes that this portrayal is a significant limitation in his writing and calls for a re-evaluation by modern feminist critics.

**Keywords:** O.V. Vijayan, Malayalam literature, feminism, literary criticism, patriarchy, female characters.

സാഹിത്യത്തിൻറെ വിശാലമായ ഭൂപടത്തിൽ സ്ത്രീ സ്വന്തം സ്ഥാനം അടയാളപ്പെടുത്താൻ ശ്രമിച്ചു തുടങ്ങിയിട്ടു കാലമേറെയായി. പെണ്ണെഴുത്തിൻറെ സർഗ്ഗസ്വരങ്ങളും ജ്ഞാനസ്വരങ്ങളും ഉത്തരാധുനികതയിൽ ഏറെ ചർച്ച ചെയ്യപ്പെടുന്നുണ്ട്. പുരുഷൻ രൂപപ്പെടുത്തിയ സ്ത്രീസത്തയായിരുന്നു ഇക്കാലംവരെയും ലോകമാതൃകകൾ. അതുകൊണ്ടുതന്നെ സർവ്വംസഹയായും സർവ്വസംഹാരിയായും കാമസ്വരൂപിണിയായും കാമോദ്ദീപകയായും കാമോന്മത്തയായും സ്ത്രീ ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടു. അവളുടെ മൃദുദളങ്ങളുടെ ശോഭയും പദചലനങ്ങളുടെ കരുത്തും കുറിച്ചുവെയ്ക്കാൻ കാലചരിത്രം മറന്നു. അല്ലെങ്കിൽ ബോധപൂർവ്വം അവഗണിച്ചു. നന്മയുടെയും തിന്മയുടെയും മൂർത്തിമദ്ഭാവങ്ങളായി അവതരിക്കപ്പെട്ടിരുന്ന സ്ത്രീ മാനുഷികതയുടെ സ്ഥിരം താളവുമായി ഇണങ്ങുന്ന കാഴ്ച സാഹിത്യത്തിൽ അത്യപൂർവ്വമാണ്. സ്ത്രീയെ രതിദേവതയോ ഭൂമിദേവിയോ ആയി കാണേണ്ടത് പലപ്പോഴും പുരുഷാധിപത്യത്തിൻറെ അനിവാര്യതയായിരുന്നു എന്നു തിരിച്ചറിഞ്ഞ് വൈവിധ്യമാർന്ന ഒരു ജൈവസ്വരൂപം കൈവരിക്കാൻ സ്ത്രീ, സ്ത്രീയ്ക്കുവേണ്ടി യത്നിക്കുന്നിടത്താണ് ഉത്തരാധുനികതയുടെ സ്ത്രീപക്ഷജ്ഞാനപദ്ധതി ശക്തിപ്പെടുകയുള്ളൂ.

സാധാരണ മനുഷ്യൻറെ അതീന്ദ്രിയതലങ്ങളും മോഹനകാല്പനികതകളും പരുക്കൻ യാഥാർത്ഥ്യങ്ങളും ഇഴപിരിച്ചു സൃഷ്ടിച്ച ആധുനികതയിലും സ്ത്രീയുടെ സ്ഥാനം കൂർത്ത ചരൽ നിറഞ്ഞ പാതയോരമായിരുന്നുവെന്ന് വെർജീനിയ വുൾഫിനെ പോലുള്ളവർ അനുഭവിക്കുമ്പോൾ ഒരു കുതറിമാറൽ അനിവാര്യമാണെന്ന തിരിച്ചറിവ്

സ്ത്രീകൾക്കിടയിൽ രൂപം കൊണ്ടിരുന്നതായി കാണാം. 'എൻറെ കഥ'യിലൂടെ പുരുഷൻറെ പൊള്ളയായ സദാചാരബോധത്തെ വെല്ലുവിളിച്ച മാധവിക്കുട്ടി മുതൽ മലയാളത്തിലെ പുരുഷാധിപത്യസാഹിത്യം സൃഷ്ടിച്ച സ്ത്രീസത്തയുടെ അതിരുകളിൽനിന്നും രക്ഷപെടാൻ ശ്രമിക്കുന്ന സ്ത്രീസ്വരങ്ങളെ കാണാം. എങ്കിലും മുഖ്യധാരാസാഹിത്യം ഇന്നും പുരുഷൻറെ കുത്തകയായതിനാൽ സ്ത്രീയെ പുരുഷനിർവ്വചനങ്ങളിൽനിന്നും അടർത്തിമാറ്റാനോ പുരുഷസത്തയെ സ്ത്രീയുടെ ജ്ഞാനവിഷയവുമായി ബന്ധിപ്പിച്ചു പുനർനിർവ്വചിക്കാനോ ഇന്നും പൂർണ്ണമായും കഴിഞ്ഞിട്ടില്ല. ഇവിടെയാണ് പുരുഷൻ നിർമ്മിച്ചിട്ടുള്ള സ്ത്രീരൂപങ്ങളെ സൂക്ഷ്മമായി അപഗ്രഥിച്ച് അവയുടെ പൊള്ളയും സമൂഹസത്തയ്ക്കനുചിതവുമല്ലാത്ത ഘടകങ്ങളെ അപനിർമ്മിക്കേണ്ടിവരുന്നത്. ഇത്തരത്തിലുള്ള അപഗ്രഥനത്തിന് ഏറെ വിഷയീഭവിക്കുന്ന കൃതികളാണ് ഒ.വി.വിജയൻറേത്.

പുരുഷസത്തയിലെ അസ്തിത്വത്തിൻറെ വ്യഥകളും പുരുഷകേന്ദ്രിതചരിത്രത്തിൻറെ നൈരന്തര്യത്തിലെ വിടവുകളും കണ്ടെത്തുകയും ലോകവ്യവഹാരങ്ങളെയും ഭാഷയെയും പുരുഷൻ കൈയടക്കുന്നത് മലയാളകഥാപ്രപഞ്ചത്തിൽ സൂക്ഷ്മമായി അടയാളപ്പെടുത്തുകയും ചെയ്ത ഒ.വി.വിജയൻറെ കഥാപ്രപഞ്ചത്തെ പിതൃഘടികാരം എന്നു പി.കെ.രാജശേഖരൻ വിശേഷിപ്പിച്ചത് തികച്ചും അന്വർത്ഥമാണ്. എന്നാൽ പുരുഷൻ നിസ്സംഗനായി പാപം ചെയ്യുമ്പോൾ സ്ത്രീ പുരുഷനെ കാമത്തിൻറെ ഖസാക്കിൽ കുരുക്കിയിടുന്ന മെരുങ്ങാത്ത യാഗാശ്വങ്ങളായി , ആസക്തിയുടെ കരിമഷിപുരണ്ട കേവലശരീരമായി ചിത്രീകരിച്ചത് മലയാളസാഹിത്യത്തിലെ അതികായനായ ഈ എഴുത്തുകാരനിലെ അപ്രതിരോധ്യമായ കളങ്കമായി കാലം അടയാളപ്പെടുത്തും എന്നതാണ് ഈ പ്രബന്ധം മുന്നോട്ടു വെയ്ക്കുന്ന പ്രധാനനിഗമനം.

ഇണയോടു രമിച്ചതിനു ശേഷം അതിൻറെ ജീവരക്തം ഊറ്റിക്കുടിക്കുന്ന എട്ടുകാലിപ്പെണ്ണിൻറെ ഭോഗലാലസതയിൽനിന്നും ഭയന്നൊളിക്കാൻ കൊതിക്കുന്ന വിലക്ഷണ മനസ്സുമായാണ് വിജയൻ സാഹിത്യലോകത്ത് പ്രവേശിക്കുന്നത്. ആദത്തെക്കൊണ്ട് പാപത്തിൻറെ കനി ഭുജിപ്പിച്ച ഹവ്വയെ പാപത്തിൻറെ ആദിബീജവും ബലഹീനപാത്രവുമായി കാണാൻ വെമ്പുന്ന ക്രിസ്ത്യൻ മിത്തോളജിയുടെ സ്വാധീനം വിജയനിൽ ശക്തമായിരുന്നെന്നു കാണാം. ഇതിനിടയിലെവിടെയോ പ്രപഞ്ചത്തിൻറെ കളങ്കരഹിതതാളങ്ങളെയും സൃഷ്ട്യുന്മുഖമായ സ്നേഹോർജ്ജത്തെയും സ്ത്രൈണസത്തയിൽ കൂട്ടി വായിക്കാൻ വിജയനിലെ ഭാരതപൂർവ്വചേതന വെമ്പൽ കൊള്ളുന്നതായും നമുക്കു കാണാം. സ്വന്തം മനസ്സിൻറെ അശാന്തിയും കർമ്മസിദ്ധാന്തത്തിൻറെ നിസ്സഹായതയും മോക്ഷം അസാധ്യമാക്കുന്ന പാപബോധവും മനസ്സിനെ ഞെരിച്ചതുകൊണ്ട് ആത്മചൈതന്യമുള്ള ഒരു സ്ത്രീയെപ്പോലും വാർത്തെടുക്കാൻ വിജയൻ ശ്രദ്ധിച്ചില്ല. പുരുഷൻറെ വലിയ ലോകത്ത് വെറുതെ ചുറ്റത്തിരിയുന്ന പ്രഭാരഹിതഗോളങ്ങളാണ് വിജയൻറെ സ്ത്രീ കഥാപാത്രങ്ങൾ. രവിയുടെ അശാന്തിയും കുഞ്ഞുണ്ണിയുടെ ആത്മാന്വേഷണവും ചാമിയാരപ്പൻറെ ദ്രാവിഡാസ്തിത്വവും മനുഷ്യചരിത്രത്തിൻറെ നികത്താനാവാത്ത ദുരന്തങ്ങളായി വായിക്കുന്ന വിജയൻ സ്ത്രീയെ സ്പർശിക്കുമ്പോൾ ലൈംഗികതയുടെ മൂടൽമഞ്ഞ് ബാധിച്ചു പ്രജ്ഞ മരവിക്കുന്നതായി കാണാം.

മാതൃസ്പർശത്തിൻറെ സുഖശീതളിമയിലാണ് വിജയൻറെ നോവലിലെ സ്ത്രീപ്രപഞ്ചം മിഴിതുറക്കുന്നത്(ഖസാക്കിൻറെ ഇതിഹാസം,പുറം11,12) നഷ്ടപ്പെട്ട അമ്മയുടെ സുഖദമായ സ്മൃതി അഞ്ചു വയസ്സുള്ള രവിയിൽ ചിറകുള്ള മാലാഖമാരുടെ സ്വപ്നവർണ്ണമായി ചാലിക്കുന്നുണ്ടെങ്കിലും നഗ്നമായ അവരുടെ അടിവയറിൻറെ ചൂട് അനുഭവിക്കാൻ കൊതിക്കുന്നിടത്ത് നായകമനസ്സിൽ താളപ്പിഴയുടെ നേർത്ത വിഭ്രമങ്ങൾ ഉരുകിച്ചേരുന്നതായി കാണാം. തന്നിൽനിന്നും എന്നന്നേയ്ക്കുമായി അകന്ന

അമ്മയെക്കുറിച്ചുള്ള സ്മൃതിയിൽപോലും കാമനകളുടെ ശമനതാളം ശ്രവിക്കാൻ നമുക്കു കഴിയും എന്നിടത്ത് എഴുത്തുകാരനിലെ വിലക്ഷണമായ മാനസികാവസ്ഥ നിരീക്ഷിക്കാം. ഈ ശ്രുതിഭംഗമാണ് ചിറ്റമ്മയെ സ്വന്തമാക്കാൻ രവിയെ പ്രേരിപ്പിച്ചത്. ചിറ്റമ്മയാകട്ടെ, മുല്ലവള്ളികൾ പടർന്നാടിയ നിലാവിൽ രവിയിലേയ്ക്കു പടരാൻ കൊതിച്ച സർപ്പകാമനയാകുമ്പോൾ വിജയൻറെ സ്ത്രീസത്ത കേവലം കാമാസക്തരായ പെൺ എട്ടുകാലികളായി രൂപാന്തരപ്പെടുന്നു. കൈത്തണ്ടയിൽ നീലഞരമ്പെഴുന്നുനില്ക്കുന്ന ഖസാക്കിലെ യാഗാശ്വമായ മൈമുനയും ജമന്തിയുടെയും ശരീരത്തിൽ പൊട്ടിയൊലിക്കുന്ന ചലത്തിൻറെയും അറപ്പുളവാക്കുന്ന ഗന്ധസമ്മിശ്രണമായ കോടച്ചിയും രവിയുടെ സ്പർശത്തിൽ സ്വന്തം കുഞ്ഞുങ്ങളുടെ മുന്നിൽപോലും ആസക്തിയുടെ അബലത മറച്ചുവെയ്ക്കാനാവാത്ത ചാന്തുമ്മയും യാക്കരത്തോട്ടിൽ അർദ്ധനഗ്നയായി പുരുഷകാമനയിലലിയുവാൻ മാത്രം കൊതിക്കുന്ന കല്യാണിയും, എന്തിന്, ബോധാനന്ദൻറെ ആശ്രമത്തിലെ അന്തേവാസിനി നിവേദിതപോലും കാമത്തിൻറെയും പ്രലോഭനത്തിൻറെയും ആൾരൂപങ്ങൾ മാത്രം. ഇവരോടുള്ള പുരുഷസമാഗമത്തിൽ യാതൊരു കുറ്റബോധവും ഉണരുന്നില്ല എനന്തിനാലാവാം നിസ്സംഗതയോടെ പാപം ചെയ്യുന്നു എന്ന് കെ.പി.അപ്പൻ പറയുന്നത്. ഒരുപക്ഷെ, കേരളീയസമൂഹത്തിൻറെ അടിത്തട്ടിൽ പുറംകാഴ്ചകളിൽനിന്നും അന്യമായ 'ഉദിക്കാത്തതുമസ്തമിക്കാത്തതുമായ സന്ധ്യപോലെയുള്ള പാപത്തിൻറെ'(പുറം.114), കാമനകളുടെ ആസക്തലോകങ്ങൾ തുറന്നുകാണിച്ചുതരാനുള്ള വിജയനിലെ ദാർശനികൻറെ ഉൾക്കാഴ്ചകൂടിയാവാം ഇവിടെ ദൃശ്യമാകുന്നത്. ഭർത്താവും മക്കളും അടുത്തുണ്ടെങ്കിലും പാപത്തിൻറെ ചെളിക്കുണ്ടിൽ വീഴുകയും പരപുരുഷകാമനകളെ ഉണർത്തുകയും ചെയ്യുന്നു സ്ത്രീരൂപങ്ങളെല്ലാം. വസൂരി ബാധിച്ച് രാജാവിൻറെ പള്ളീല് കിടക്കുന്ന ബോധാബോധങ്ങൾക്കിടയിൽ സ്ത്രീയുടെ മഞ്ഞളിച്ച അടിവയറിൽ ചാരിയിരിക്കാനുള്ള മോഹവും വിടരുന്ന ജമന്തിയുടെ മാദകഗന്ധം നുകരാനുള്ള ദാഹവും ഒരുമിച്ചനുഭവിക്കാൻ രവിയെ വിട്ടുകൊടുക്കുന്ന വിജയനിൽ സ്ത്രീ കേവലം ലൈംഗികതയുടെ വികൃതരൂപം മാത്രം.

"ചിറ്റമ്മേ എണീറ്റ് പുടവ ചുറ്റൂ."(പുറം.120)എന്നു രവിയിൽ നിന്നും പുറപ്പെടുന്ന പുരുഷാഹന്തയുടെ ആജ്ഞാസ്വരങ്ങൾക്കിടയിൽ സ്ത്രീയുടെ സ്വരം അമർത്തിയ തേങ്ങൽ മാത്രമാകുന്നു. ഇലകൾ തുന്നിച്ചേർത്ത മനോഹരമായ കൂട് രവിയ്ക്ക് അന്യമാകുന്നത് പെൺകിളിയുടെ ഈ പതനത്തിൻറെ ദയനീയതയിലാണ്. പുളിമരത്തിലെ പോതിയുടെ കഥയോടുചേർത്താണ് ചാന്തുമ്മയുടെ മനസ്സിനെ വിജയൻ ആവിഷ്കരിക്കുന്നത്. രവിയിൽ മാത്രമല്ല, ഖസാക്കിലെ സ്ത്രീകഥാപാത്രങ്ങളിലും പാപം നിസ്സംഗതയോടെ നിറഞ്ഞുനില്ക്കുന്നതായി കാണാം. 'പെട്ടെന്ന് താടിയ്ക്കടിയിൽ കയ്പ്പടം വെച്ച് രവി ചാന്തുമ്മയുടെ മുഖം പിടിച്ചുയർത്തി.... ചാന്തുമ്മ കുതറി പിടി വിടീച്ചു. അവൾ കിതച്ചു. താഴ്വാരത്തിൻറെ ചുമരു ചാരിക്കൊണ്ട് അവൾ നിന്നു.

അവൾ പറഞ്ഞു. "ഓഹോ ഇതാ?" രവിയ്ക്കു വല്ലായ്മ തോന്നിയില്ല. കൌതുകം തോന്നി, എത്ര നേരം കഴിഞ്ഞെന്നു രവിക്കു നിശ്ചയമുണ്ടായിരുന്നില്ല. ചാന്തുമ്മ തിരിച്ചു വന്നു. അവൾ കട്ടിലിലിരുന്നു.

രവി അവളുടെ ചുമലിൽ കൈവെച്ചു... രവിയുടെ കൈ അവളുടെ ഉടലിൽനിന്നു താഴോട്ടു തടഞ്ഞു. അവൾ ചേർന്നിരുന്നു. മുഖം നിരുന്മേഷമായിരുന്നു.'(പുറം.89) പുരുഷസ്പർശത്തിൽ പൊടുന്നനവെ കീഴടങ്ങുന്ന ഈ സ്ത്രീ അറിവിൻറെ പ്രിൻസ്റ്റൺ പാഠങ്ങൾ ഉൾച്ചേർത്ത നഗരസുന്ദരിയ്ക്കുവേണ്ടി മാറിക്കൊടുക്കുമ്പോൾ വിജയൻറെ വികലമായ സ്ത്രീബോധം കൂടുതൽ വെളിപ്പെട്ടുവരുന്നു. വിജയൻറെ സ്ത്രീ കഥാപാത്രങ്ങൾ യാതൊരു ലക്ഷ്യസാധ്യവും നേടാതെ വെറുതെ പാപം ചെയ്യുന്ന ആസക്തിയുടെ കുപ്പിച്ചില്ലുകൾ മാത്രം. അവർക്കു മോഹങ്ങളില്ല, മോഹഭംഗങ്ങളില്ല. തലച്ചോറില്ല. ഹൃദയം എന്നൊന്ന് തീരെയില്ല. വെറും കാമശരീരിണികൾ.

ഖസാക്കിൽ ശുദ്ധിയുടെ വർഗ്ഗചേതനയായി ഒരു കൊച്ചു പെൺകുട്ടിയുണ്ട്- കുഞ്ഞാമിന. കാലിൽ കൊലുസിട്ട, ആരും വേദനിക്കുന്നത് ഇഷ്ടമില്ലാത്ത കുഞ്ഞാമിന. അവളിലെ ബാലകൌതുകത്തിൻറെ ചുറുചുറുക്ക് കഥാവസാനത്തിൽ പ്രണയത്തിൻറെയും ആശ്രിതത്വത്തിൻറെയും വിങ്ങലിൽ അലിയിക്കുവാൻ വിജയനെ പ്രേരിപ്പിച്ചത് സ്ത്രീയെക്കുറിച്ചുള്ള ഭാരതീയപൌരാണിക ബോധമാവാം. ഈ ചെറിയ പെൺകുട്ടിയെ 'മധുരം ഗായതി'യിലെ സുകന്യയിൽ വളർത്തിയെടുക്കാൻ വിജയനു കഴിഞ്ഞിട്ടുണ്ട്. എങ്കിലും ഇവിടെയും സ്ത്രീ, പ്രപഞ്ചസത്തയിലെ പുരുഷകാമങ്ങൾക്കു സൃഷ്ട്യുന്മുഖയാവാൻവേണ്ടി ഉണരുന്ന ആദിപ്രജ്ഞ മാത്രം. സ്വന്തം ആസക്തിയുടെയും ഭൌതികമോഹങ്ങളുടെയും ദുരന്തം പാപവളയമായി പേറുന്ന, കൊടിയ വേദനയേറ്റെടുക്കുന്ന സുമംഗല സ്വയം ശിക്ഷിക്കപ്പെടുക മാത്രമല്ല, പുരുഷനെയും സ്വകാമനയുടെ ശിക്ഷയ്ക്കു വിധേയനാക്കുന്ന ആദിബോധങ്ങളിലെ ഹവ്വയാകുന്നു. കൊടിയ യന്ത്രവൽകൃതപീഡനങ്ങൾക്കിടയിലും ശക്തിസ്വരൂപിണിയായി നില്ക്കുന്ന , സ്നേഹത്തിൻറെ നനവു തട്ടാതെ പാൽചുരത്താൻ തയ്യാറാകാത്ത നന്ദിനിപശു മാത്രമാണ്, സ്ത്രൈണതയുടെ കരുത്ത് നേർത്ത രീതിയിലെങ്കിലും പ്രകടമാക്കുന്നത്. ബാക്കി സ്ത്രീചേതനകളെല്ലാം തന്നെ പുരുഷസത്തയുടെ മോഹവലയത്തിലെ നിസ്സഹായരായ ഇരകൾ മാത്രമാണ്. സുകന്യയാവട്ടെ, ഉദ്ധതനായ ആൽമരത്തിൻറെ പ്രണയാർദ്രയായ ആശ്രമമൃഗവും.

ഭോഗലാലസതയുടെ 'തലമുറകളി'ലെത്തുമ്പോൾ ആസക്തിയുടെ പെൺനിഴലുകൾ എണ്ണത്തിലേറുന്നു. ഓർമ്മയിൽ തങ്ങിനില്ക്കാൻ മാത്രം ഒന്നും അവശേഷിപ്പിക്കാതെ കടന്നു പോകുന്നു അവർ. പുരുഷാഹന്തയെ പ്രലോഭിപ്പിച്ചുണർത്തുന്ന കാമദരൂപിണികളാണേറെയും. ആ അഹന്തയുടെ പാരമ്യം പൂർണ്ണമായി വായിക്കുന്നത് അശുദ്ധിയോടെ ഗായത്രി ചൊല്ലാൻ നിർബന്ധിതയാകുന്ന ബ്രാഹ്മണസ്ത്രീയുടെ ചിലമ്പിച്ച നാദലയങ്ങളിലാണ്(പുറം.32). സ്ത്രീ മാത്രമല്ല, ശുദ്ധമായ വാക്കും പുരുഷാഹന്തയുടെ ഇരയാകുന്നു എന്ന ചരിത്രദുരന്തവും വിജയൻ വ്യക്തമാക്കുന്നു. ഇരുട്ടിനെയും ആസക്തിയെയും കൂട്ടിച്ചേർത്ത പാപത്തിൻറെ തീർത്ഥാടനമായിരുന്നു പൊൻമുടിയിൽനിന്നാരംഭിക്കുന്ന ചാമിയാരപ്പൻറെ ഓർമ്മകളിലൂടെ വിജയൻ വെളിപ്പെടുത്തുന്നത്. ഈ പാപത്തിൻറെ തിണർപ്പിലെവിടെയോ ഈഡിപ്പസ്സും ജോക്കസ്റ്റയും പുനർജനിക്കുമ്പോൾ സ്ത്രീ, ലൈംഗികതയുടെ നിത്യപ്രതീകമായി അവതരിപ്പിക്കപ്പെടുന്നു. ചാമിയാരപ്പൻറെ മകൾ പങ്കജാക്ഷിയിലൂടെ കുരുക്ഷേത്രങ്ങൾക്ക് സ്നേഹത്തിൻറെ വിലക്കു തീർക്കുന്ന ഒരു പുനർജ്ജനി വിജയൻ ഉൾച്ചേർക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും കാലമോഹദുരന്തചിത്രീകരണത്തിൽ ആ പ്രതീക്ഷയും മങ്ങുന്നതായി കാണാം. ചരിത്രത്തിലെ ആസക്തികളുടെ സംസ്കാരപാഠങ്ങളെ മുഴുവൻ വായിച്ചെടുക്കാനുള്ള ശ്രമത്തിനിടയിൽ നിഷ്കളങ്കമായ സ്ത്രീയംശം വികാസം പ്രാപിക്കാതെ പോയത് ചരിത്രനിയോഗമാവാം. അല്ലെങ്കിൽ എഴുത്തുകാരൻറെ സ്വത്വത്തിലലിഞ്ഞ സ്ത്രീയെക്കുറിച്ചുള്ള വികലബോധങ്ങളാകാം. നാശം വിതയ്ക്കുന്ന ചുഴലിക്കാറ്റിനുപോലും സ്ത്രീനാമങ്ങളാണ് പുരുഷചരിത്രം നല്കിയത് എന്ന ഭയംനിറഞ്ഞ കാഴ്ചപ്പാടിൻറെ സ്വാധീനമാവാം കാലനിയോഗത്തെ ഏറ്റെടുക്കാൻ കൊതിച്ച വിജയൻറെ പ്രജ്ഞയിൽ പ്രഹരമായത്. തലമുറകളിൽ അത് വിജയൻ വ്യക്തമാക്കുന്നുമുണ്ട്. 'ഇവിടുത്തെ ഓരോ ചുഴലിക്കാറ്റിനും അതിൻറെതായ പെൺപേരുണ്ട്. അതിൻറെ വിരുന്നുസമയവും.'(പുറം.23) കാമത്തിൻറെയും ആസക്തിയുടെയും ഭോഗത്തിൻറെയും നേരമില്ലാനേരങ്ങൾ പോലെയാണ് പ്രകൃതിദുരന്തങ്ങളുടെ വിരുന്നുനേരങ്ങളും എന്ന വിജയൻറെ നിരീക്ഷണം ശ്രദ്ധേയമാണ്. ഒരുപക്ഷെ, പെൺകാമനകളെ ചൂഴ്ന്നുനില്ക്കുന്ന പുരുഷൻറെ അനിശ്ചിതത്വമാവാം സ്ത്രീരൂപങ്ങളെ ഇങ്ങനെ ആവിഷ്കരിക്കാൻ പ്രേരണയായത്. ഏതായാലും മലയാളനോവൽ ചരിത്രത്തിൽ മനുഷ്യാസ്തിത്വത്തിൻറെ കാതലായ പാഠങ്ങൾ എഴുതിച്ചേർത്ത ആ മഹാപ്രതിഭയിൽ സ്ത്രീ തിളങ്ങുന്ന എട്ടുകാലിവലകൾ മാത്രമെ, തുന്നിച്ചേർത്തുള്ളൂ എന്നത് കാലത്തിൻറെ ദുര്യോഗം. പുരുഷാവിഷ്കാരങ്ങളിലെ ഈ

അപൂർണ്ണതകളെ പൂരിപ്പിക്കുകയും പുതിയ അർത്ഥതലങ്ങൾ കണ്ടെത്തുകയുമാണ് ഈ തലമുറയിലെ പെണ്ണെഴുത്തുകാർക്ക് അനുഭാവപൂർവ്വം ചെയ്യാനുള്ളത്.

റഫറൻസ് ഗ്രന്ഥങ്ങൾ :

ഒ.വി.വിജയൻ,*ഖസാക്കിൻ്റെ ഇതിഹാസം*,2014,ഡി.സി.ബുക്ക്സ്, കോട്ടയം.
------------, *തലമുറകൾ*, 2000, ഡി.സി.ബുക്ക്സ്,കോട്ടയം.
------------, *മധുരം ഗായതി*, 2000, ഡി.സി.ബുക്ക്സ്, കോട്ടയം.
പി.കെ.രാജശേഖരൻ, *പിതൃഘടികാരം*, ഡി.സി.ബുക്ക്സ്, കോട്ടയം.
കെ.പി.അപ്പൻ, *മാറുന്ന മലയാള നോവൽ*, ഡി.സി.ബുക്ക്സ്, കോട്ടയം.
കെ.ജി.കാർത്തികേയൻ, എം.കൃഷ്ണൻ നമ്പൂതിരി (എഡി.), *ഖസാക്ക് പഠനങ്ങൾ*, 1994,ഡി.സി.ബുക്ക്സ്,കോട്ടയം.